വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം മതിയായ നഷ്ടപരിഹാരം നൽകുന്നുണ്ട്. കരാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരും വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ വരുമെങ്കിലും ഈ നിയമത്തിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്താൻ പലരും ശ്രമിക്കാറില്ല. അതുകൊണ്ടാണ് പലർക്കും മതിയായ തുക ലഭ്യമാകാത്തത്. എന്നാൽ വൈദ്യുതിലൈനിൽ തട്ടി മരിക്കുന്ന ആളുകൾക്ക് 50,000 രൂപ ധന സഹായം പോരായെന്നുള്ള അഭിപ്രായം പരിഗണിച്ച് അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

3. മൂവാറ്റുപുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം

ശ്രീ. ബാബു പോൾ: സർ, മൂവാറ്റുപുഴയിലെ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ട് 20 വർഷത്തിലേറെയായി. നാളിതുവരെയായി സ്വന്തമായി കെട്ടിടവും സൗകര്യങ്ങളുമൊന്നുമുണ്ടായിട്ടില്ല. വർഷങ്ങളായി താൽക്കാലിക കെട്ടിടങ്ങളിലാണ് ഇത് പ്രവർത്തിക്കുന്നത്. അതുകൊണ്ട് എപ്പോഴും മാറിമാറി പ്രവർത്തിക്കേണ്ടിവരുന്നു. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഫയർമാൻമാർക്ക് വിശ്രമിക്കുന്നതിനും വേണ്ടത്ര സൗകര്യം ലഭിക്കാറില്ല. നഗരസഭ 20 സെന്റ് സ്ഥലം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുകൊടുത്തു. ഈ കാര്യം ഫയർഫോഴ്സിനെ അറിയിച്ചിട്ട് ഒരു വർഷമായെങ്കിലും കെട്ടിടം നിർമ്മാണത്തിനുള്ള യാതൊരു നടപടിയും ആയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഫയർ സ്റ്റേഷന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, മൂവാറ്റുപുഴ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ബാബു പോൾ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. മൂവാറ്റുപുഴ അഗ്നിശമന രക്ഷാനിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൂവാറ്റുപുഴ മാറാടി വില്ലേജിൽ സർവ്വേ നമ്പർ 386/12 എ-ൽപ്പെട്ട മൂവാറ്റുപഴ മുനിസിപ്പാലിറ്റി വക 15 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിന് ആദ്യപടിയായി എറണാകുളം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ നൽകിയിട്ടുണ്ട്. അത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. തുടർ നടപടിയായി മൂവാറ്റുപുഴ താലൂക്ക് ഓഫീസിൽ നിന്ന് ലാന്റ് വാല്യുവേഷൻ കഴിഞ്ഞ് കളക്ടർക്ക് 29-6-2010-ന് റിപ്പോർട്ട് നൽകിക്കഴിഞ്ഞു. നടപടിക്രമം പൂർത്തിയാക്കി ടി സ്ഥലം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറ്റം ചെയ്തുകഴിഞ്ഞാലുടൻതന്നെ കെട്ടിടം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly